**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1630** — **19-09-2025 - ൽ മറുപടിയ്ക്ക്**

**ഭൂപതിവ് നിയമ/ചട്ട ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂപതിവ് നിയമ/ചട്ട ഭേദഗതി പ്രകാരം പട്ടയ ഭൂമിയിൽ നിലവിലുള്ള കെട്ടിടങ്ങളും വീടുകളും ക്രമവത്കരിക്കേണ്ടതുണ്ടോ; വിശദാംശം ലഭ്യക്കാമോ; | (എ) | പട്ടയ വ്യവസ്ഥകൾക്ക്/പതിവ് ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ചിട്ടുള്ള വീടുകൾ ഉൾപ്പെടെയുള്ള എല്ലാത്തരം കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്ന പതിവ് ഭൂമികളിലെ വ്യവസ്ഥാലംഘനങ്ങൾ മാത്രം ക്രമവൽക്കരിച്ചാൽ മതിയാകും. പട്ടയത്തിനാധാരമായ ചട്ടത്തിൽ ഭവന നിർമ്മാണം അനുവദനീയമായ കേസുകളിൽ പട്ടയത്തിൽ പതിവിനുള്ള ആവശ്യം രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അത് വ്യവസ്ഥാ ലംഘനമായി കണക്കാക്കില്ല. |
| (ബി) | പ്രസ്തുത ഭേദഗതി പ്രകാരം ദുരന്ത നിവാരണ നിയമം ബാധകമാക്കിയ പഞ്ചായത്തുകളിലെ നിർമ്മാണങ്ങൾ ക്രമവത്കരിക്കാൻ കഴിയുമോ; എങ്കിൽ ഏത് അളവ് വരെയുള്ള നിർമ്മാണങ്ങളാണ് ക്രമവത്കരിക്കാൻ കഴിയുകയെന്ന് വിശദമാക്കാമോ? | (ബി) | മറ്റ് നിയമങ്ങൾ പ്രകാരം വിലക്കുള്ള യാതൊരു പ്രവർത്തനങ്ങളും ക്രമവൽക്കരിക്കുന്നതിന് കരട് ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ